# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6779 13.07.2012 - ൽ മറുപടിയ്ക്ക്

### തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ബി. സത്യൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്ന കേരളത്തിലെ ഏറ്റവും വലിയ നേത്ര പരിശോധന കേന്ദ്രത്തിന്റെ പ്രവർത്തനം അധികാരികളുടെ അനാസ്ഥ മൂലം അവതാളത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഈ ആശുപത്രിയിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച എട്ടു നിലകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ നിർമ്മാണം ഇപ്പോൾ മന്ദഗതിയിൽ നീങ്ങുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഒന്നാം ഘട്ടം പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായി. അടുത്ത നാലു നിലകൾ ഉൾപ്പെട്ട രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിനായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത നിർമ്മാണത്തിന്റെ കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണ്; ഇത് എന്ന് പൂർത്തിയാക്കാൻ കഴിയും ;<br><br>(ഡി) നിർമ്മാണ പ്രവർത്തനം സമയ ബന്ധിതമായി പൂർത്തീകരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) & (ഡി) | ഒന്നാം ഘട്ടത്തിന്റെ കരാർ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് ആയിരുന്നു നൽകിയിരുന്നത്. രണ്ടാം ഘട്ടത്തിന്റെ ടെണ്ടർ നടപടികൾ പി.ഡബ്ല്യൂ.ഡി. ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. എച്ച്. എൽ. എൽ (ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ്) ആണ് പ്രസ്തുത നിർമ്മാണത്തിന്റെ കരാർ ഏറ്റെടുത്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ